(ii) സിലോൺ

സിലോണിൽ (ശ്രീലങ്ക) കേരളതീരത്തെന്ന പോലെ ഹിജ്റഃയുടെ ആദ്യ നൂറ്റാണ്ടുകളിൽ തന്നെ ഇസ്‌ലാം പ്രചരിച്ചിരുന്നു. കൊളംബോ തുറമുഖം 2000 വർഷങ്ങൾക്കു മുമ്പുതന്നെ അറബി കച്ചവട സംഘങ്ങളുടെ സ്ഥിരം താവളമായിരുന്നു. സിലോണിലെ ആദം മല സന്ദർശിക്കാൻ പുരാതന കാലം മുതല്ക്കേ അറേബ്യ, പേർഷ്യ എന്നീ രാജ്യങ്ങളിൽനിന്ന് തീർഥാടകർ വരാറുണ്ടായിരുന്നു. അങ്ങനെ വന്ന അറബി തീർഥാടക സംഘത്തോടൊപ്പമായിരുന്നു ചേരമാൻ പെരുമാൾ അറേബ്യയിലേക്ക് പോയതെന്നാണ് ഐതിഹ്യം.

ക്രി. ഏഴാം നൂറ്റാണ്ട് മുതൽ 15-ാം നൂറ്റാണ്ടിന്റെ ഒടുവിൽ പോർത്തുഗീസുകാരുടെ ആഗമനം വരെ കൊളംബോയും സമീപപ്രദേശങ്ങളും മുസ്‌ലിം ആധിപത്യത്തിലായിരുന്നു. അക്കാലത്ത് അറേബ്യൻ തീരങ്ങളിൽനിന്നും പേർഷ്യയിൽനിന്നും വന്നെത്തിയ കച്ചവട സംഘങ്ങളും കേരള-തമിഴ്നാട് തീരങ്ങളിൽ ഹി. രണ്ടാം നൂറ്റാണ്ടിൽ ഇസ്‌ലാമിക പ്രബോധനം നിർവഹിച്ച മാലികുബ്നു ദീനാറിന്റെ പിൻഗാമികളും ലങ്കയിൽ ഇസ്‌ലാമിക പ്രബോധനം നടത്തിയിരുന്നുവെന്നതിന് തെളിവുകളുണ്ട്. കേരള തീരത്തുനിന്ന് ലങ്കയിലെത്തിയ മാപ്പിള മുസ്‌ലിംകളും ലങ്കയിൽ ഇസ്‌ലാം പ്രചരിപ്പിക്കുന്നതിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. തുടർന്ന് സൂഫീ ത്വരീഖതുകളുടെ പ്രബോധനം മൂലം ഇസ്‌ലാം കൂടുതൽ ശക്തി പ്രാപിച്ചു.

മലബാറിലേതുപോലെ ലങ്കാതീരത്തും പോർത്തുഗീസുകാർ വന്നില്ലായിരുന്നുവെങ്കിൽ അവിടം മുഴുവൻ മുസ്‌ലിം ആധിപത്യത്തിൽ ആകുമായിരുന്നുവെന്ന് അഭിപ്രായപ്പെടുന്ന ചരിത്രകാരൻമാരുണ്ട്.

പോർത്തുഗീസുകാർ മുസ്‌ലിംകളെ രാഷ്ട്രീയമായും വാണിജ്യപരമായും തകർക്കാൻ നിരവധി ഗൂഢ പദ്ധതികൾ ആസൂത്രണം ചെയ്തു. അനേകം മദ്റസഃകൾ അടച്ചുപൂട്ടുകയും ധാരാളം പള്ളികൾ നശിപ്പിക്കുകയും ചെയ്തു. വളരെപ്പേരെ അവർ നിർബന്ധിച്ച് ക്രിസ്ത്യാനികളാക്കി. തുടർന്ന് ആധിപത്യം വാണ ഡച്ചുകാരും ഇതേ പാത പിന്തുടർന്നു. ബ്രിട്ടീഷുകാരും മുസ്‌ലിം വിരുദ്ധ സമീപനമാണ് സ്വീകരിച്ചിരുന്നത്. അതിനു മുമ്പായി വ്യത്യസ്ത ത്വരീഖതുകളിലെ സൂഫിവര്യന്മാരുടെ പ്രവർത്തനം വഴി ഇസ്‌ലാമിക സമൂഹത്തിന് ലങ്കയിൽ ചില്ലറ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിരുന്നു.

കോളനി വാഴ്ചക്കാലത്തും ലങ്കൻ മുസ്‌ലിംകൾ തങ്ങളുടെ സാംസ്കാരികവും മതപരവുമായ പാരമ്പര്യം നിലനിർത്തിപ്പോന്നിരുന്നു. ഡച്ചുകാരും പോർത്തുഗീസുകാരും 'മൂർ' എന്നു വിളിച്ചിരുന്ന ഈ സമൂഹം പള്ളികൾ കേന്ദ്രീകരിച്ച് തങ്ങളുടെ വിശ്വാസം സംരക്ഷിച്ചുപോന്നു.

ശ്രീലങ്കൻ മുസ്‌ലിംകളിൽ ബഹുഭൂരിപക്ഷം ശാഫിഈ മദ്ഹബുകാരായ സുന്നികളാണ്. ഒന്നരക്കോടിയിലധികം വരുന്ന ശ്രീലങ്കൻ ജനതയിൽ 10 ശതമാനമാണ് മുസ്‌ലിം ജനസംഖ്യ.